(ബി) എങ്കിൽ എന്നാണ് പ്രസ്തുത പരാതി ലഭിക്കുകയുണ്ടായ തെന്നും ആരാണ് പരാതി നൽകിയതെന്നും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരാതിയിൽ ഉന്നയിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പരാതിയിൽമേൽ എന്തു നടപടി സ്വീകരിക്കുകയു ണ്ടായി. വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പരാതിയിലെ വിഷയത്തിന്റെ ഗൗരവം കണക്കിലെ ടുത്ത് യഥാർത്ഥ കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും മേലിൽ ആവർത്തിക്കാ തിരിക്കുന്നതിനും ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനും വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 1999 നവംബറിൽ പരാതി ലഭിച്ചിരുന്നു. കേരളാ സ്റ്റേറ്റ് റേഷൻ ഡീലേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ കമ്മിറ്റിയാണ് പരാതി നൽകിയത്. റേഷൻ വ്യാപാരികൾക്ക് ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളിൽ തൂക്കക്കുറവ് ഉണ്ടെന്നും ഇപ്രകാരം തൂക്കത്തിൽ കുറവുവരുത്തുന്നതായ ഭക്ഷ്യ ധാന്യങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നു എന്നുമാണ് പരാതിയിൽ പറഞ്ഞിരിക്കുന്നത്.

(സി) പരാതി സംബന്ധിച്ച് ദക്ഷിണമേഖലാ ഡെപ്യൂട്ടിറേഷനിംഗ് കൺട്രോളറും ലീഗൽ മെട്രോളജി വകുപ്പും കൂട്ടായി പരിശോധന നടത്തിയ തിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങൾ തൂക്കത്തിൽ കുറവാണെന്ന ആരോപണം ശരിയാണെന്നു കാണുകയുണ്ടായി. തൂക്കത്തിൽ കുറവുണ്ടാ യത് ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമായതിനാൽ പ്രസ്തുത ജീവനക്കാരെ സ്ഥലം മാറ്റുകയും ലീഗൽ മെട്രോളജി നിയമപ്രകാരം അവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

(ഡി) കുറ്റക്കാർക്കെതിരെ നിയമാനുസൃതമായ അച്ചടക്ക നടപടികൾ തുടർന്നുവരുന്നു. അവരുടെ വിശദീകരണം ലഭിച്ചശേഷം ആവശ്യമെന്നു കണ്ടാൽ കൂടുതൽ അന്വേഷണം നടത്തുന്നതാണ്.

നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്

109(850)ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം തടയുന്നതിനും വില കുറച്ചുകൊണ്ടുവരുന്നതിനു മായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരി ക്കുമോ;

(സി) സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായി ഏതെങ്കിലും സാധനത്തിന്റെ വില കുറഞ്ഞിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങളുടെ വിലയിലാണ് കുറവ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കാലാനുസൃതമായി നേരിയ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ.

(ബി) വിലക്കയറ്റം തടയുന്നതിനും വിലകുറച്ചുകൊണ്ടുവരുന്നതിനുമായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി;

(1) റേഷൻകടകൾ വഴി കിലോയ്ക്ക് 4 രൂപ നിരക്കിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് പ്രതിമാസം 10 കിലോ അരിയും ഒരു രൂപാ കുറച്ച് എല്ലാ കാർഡുടമകൾക്കും ആഴ്ചതോറും 4 കിലോഗ്രാം അരിയും വിതരണം ചെയ്തു വരുന്നു.

(2) തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിൽപ്പരം റേഷൻകടകൾ വഴി പലവ്യഞ്ജനം തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ 25% മുതൽ 50% വരെ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ മാവേലി സ്റ്റോറുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

(3) സാധാരണ റേഷനു പുറമേ ഉത്സവകാലങ്ങളിൽ സ്പെഷ്യൽ അരി, പഞ്ചസാര എന്നിവ റേഷൻ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു.

(4) ഓണം, ക്രിസ്തുമസ്, ബക്രീദ് എന്നീ ഉത്സവകാലങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ മെട്രോഫെയറുകൾ മിനിഫെയറുകൾ, ചന്തകൾ എന്നിവ നടത്തുകയും ടി കാലങ്ങളിൽ സഹകരണസംഘങ്ങൾ നടത്തിവരുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നൽകുകയും ചെയ്യുന്നു.

(5) വിലനിലവാരം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനും, ഭക്ഷ്യ വിനോദസഞ്ചാര നിയമവകുപ്പു മന്ത്രിയും ധനമന്ത്രിയും അംഗങ്ങളും ആയുള്ള ഒരു ഉന്നതതല സമിതി രൂപീകരിച്ചും വിലനിലവാരം യഥാസമയം അവലോകനം ചെയ്തുവരുന്നു. ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാസപ്ലൈ ആഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ മിന്നൽ പരിശോധന നടത്തി കരിഞ്ചന്ത, പൂഴ്ത്തി വയ്പ് എന്നിവ ഉന്മൂലനം ചെയ്യുന്നു.

(സി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കാനും, അവസരത്തിനൊപ്പിച്ച് വിലകൾ കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്.

(ഡി) 1999 ഡിസംബർ മാസാവസാനത്തെ വിലയും 2000 ഫെബ്രുവരി രണ്ടാമത്തെ ആഴ്ചയിലെ വിലയും കാണിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് അറിവിലേയ്ക്കായി അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.†

നടക്കാവ് മാവേലി സ്റ്റോർ

110(851)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† ലൈബ്രറിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly